# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.386 — 04.02.2020-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം

| | ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനങ്ങളിൽ മുഖ്യപങ്ക് ലോട്ടറിയിൽ നിന്നും മദ്യവില്പനയിൽ നിന്നുമാണെന്നത് വസ്തുതയാണോ; വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | 2019-20 വർഷത്തിൽ ഏപ്രിൽ മുതൽ ഡിസംബർ വരെ 1,702/- കോടി രൂപ എക്സൈസ് വകുപ്പിൽ നിന്നും 2019-20 സാമ്പത്തിക വർഷം (2020 ജനുവരി 29 വരെ) സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നും 8516 കോടി രൂപയും വരുമാനമായി ലഭിച്ചിട്ടുണ്ട്. (ലോട്ടറിയുടേത് വിറ്റുവരവാണ്. അറ്റാദായമല്ല) 2019-20 സാമ്പത്തിക വർഷം (2020 ജനുവരി 29 വരെ) സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നും 8516 കോടി രൂപ വിറ്റുവരവായി ലഭിച്ചിട്ടുണ്ട്. ഏകദേശ ലാഭം 1,277.50 കോടി രൂപയാണ്. അതേ സമയം SGST വരുമാനം 511 കോടി രൂപയാണ്. |
| (ബി) | 2019-20 സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാന ലോട്ടറിയിൽ നിന്നും എന്ത് വരുമാനം ലഭിച്ചുവെന്നും അതിന്റെ ലാഭമെത്രയെന്നും വ്യക്തമാക്കുമോ; | | |
| (സി) | 2019-20 ൽ ഇതുവരെ ബിവറേജസ് കോർപ്പറേഷൻ വഴി മദ്യം വിറ്റ വകയിൽ ലഭിച്ച മൊത്തവരവ് എത്രയെന്നും അതിലൂടെ ലഭിച്ച നികുതി വരുമാനം എത്രയെന്നും വ്യക്തമാക്കുമോ? | (സി) | 2019-20 വർഷത്തിൽ ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ബിവറേജസ് കോർപ്പറേഷന്റെ ആകെ വിറ്റുവരവ് 11,162/- കോടി രൂപയാണ് ഇതിൽ 9,557 കോടി രൂപ നികുതി ഇനത്തിൽ ലഭിച്ചിട്ടുണ്ട്. |

Suja

സെക്ഷൻ ഓഫീസർ